Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ കാസർഗോഡ് ജില്ലയിൽ മലബാർ കാൻസർ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ചെറുവത്തൂരും തൃക്കരിപ്പൂരും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോടുചേർന്ന് പ്രാരംഭ അർബുദ നിർണ്ണയ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2016-ൽ അതിജീവനം പദ്ധതിയുടെ ഭാഗമായാണ് ഇവ തുടങ്ങിയത്. കൂടാതെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ മലബാർ കാൻസർ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കരയിൽ മറ്റൊരു പ്രാരംഭ അർബുദ നിർണ്ണയ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ വായയിലെ അർബുദം, ഗർഭാശയഗള അർബുദം, സ്തനാർബുദം എന്നിവ നിർണ്ണയിക്കുവാനുള്ള പ്രാഥമിക പരിശോധനകൾ ലഭ്യമാണ്.

കോന്നി മണ്ഡലത്തിൽ സിദ്ധ ആശുപത്രികൾ

216 (216) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ പുതുതായി സിദ്ധ ആശുപത്രികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യ വകുപ്പിന് കീഴിലെ 'ഐക്കോൺസ്'

217 (217) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐക്കോൺസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ദീർഘ കാലമായി ഒഴിഞ്ഞുകിടന്നിരുന്ന ഡയറക്ടർ തസ്തികയിലേയ്ക്ക് ശ്രീചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ന്യൂറോളജി വിഭാഗം തലവനും പ്രഗത്ഭനായ ന്യൂറോളജിസ്റ്റുമായ ഡോ. സഞ്ജീവ് വി.തോമസിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പുതിയതായി ഒരു സൈക്യാടിസ്റ്റിനെ നിയമിക്കുന്നതിനും കൂടുതൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഷൊർണ്ണൂർ ഐക്കോൺസിൽ സ്ട്രോക്ക് ചികിത്സ നടത്തുന്നതിനായി ഒരു സ്ട്രോക്ക് വാർഡ് പ്രവർത്തനക്ഷമമാക്കികൊണ്ടിരിക്കുകയാണ്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന BASLP കോഴ്സിനുപുറമെ ഗവേഷണ മേഖലയിൽ ഗൗരവപരമായ പല ഗവേഷണങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഐക്കോൺസിന്റെ ഗവേണിംഗ് ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ടോ; ഗവേണിംഗ് ബോർഡിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ എം.എൽ.എ.-യെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കുമോ?

ഐക്കോൺസിന്റെ ഗവേണിംഗ് ബോഡി 5-9-2019-ലെ സർക്കാർ ഉത്തരവ് നം. 2184/2019/ആ.കു.വ. പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ ജനപ്രതിനിധികളായി തിരുവനന്തപുരം കോർപ്പറേഷൻ മേയറേയും ഷൊർണ്ണൂർ മുനിസിപ്പൽ ചെയർ പേഴ്സണേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗവേണിംഗ് ബോഡിയിൽ സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ എം.എൽ.എ.-യെ ഉൾപ്പെടുത്തുന്ന വിഷയം ഗവേണിംഗ് ബോഡി തലത്തിൽ തീരുമാനിക്കേണ്ടതാണ്.

(സി) ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം 11-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

10-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുശേഷം മാത്രമേ 11-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

രജിസ്റ്റേഡ് ദന്തൽ ഹൈജീനിസ്റ്റുകൾ

218 (218) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദന്തൽ കൗൺസിൽ രജിസ്ട്രേഷൻ ഉള്ള എത്ര ദന്തൽ ഹൈജീനിസ്റ്റുകൾ ഉണ്ടെന്ന് അറിയിക്കാമോ?

567 പേർ.

(ബി) കേരള ദന്തൽ കൗൺസിലിൽ ദന്തൽ ഹൈജനിസ്റ്റുകളുടെ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല. ദന്തൽ ഹൈജീനിസ്റ്റുകളുടെ പ്രതിനിധിയെ കേരള ദന്തൽ കൗൺസിലിൽ ഉൾപ്പെടുത്തുന്നതിന് 1948-ലെ ഡെന്റിസ്റ്റ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ദന്തൽ കൗൺസിൽ രജിസ്ട്രേഷൻ ഇല്ലാത്ത ദന്തൽ ഹൈജീനിസ്റ്റുകൾ ആരോഗ്യ വകുപ്പിനുകീഴിൽ ദന്തൽ വിഭാഗത്തിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?